# ലിറ്റിൽ കൈറ്റ്സ്

## ജി എച്ച് എസ് എസ് കൊടുവള്ളി

### മാസാന്ത്യ വാർത്താപത്രിക

**ഫെബ്രുവരി 2025**

ചീഫ് എഡിറ്റർ :ആദിത്യ എം.എസ് എഡിറ്റർ : നസ്രിയ ഫാത്തിമ , ഫാത്തിമ ഷാദിയ എൻഎച്ച് ,നസ്ഹ മുനീർ, ഫാത്തിമ മെഹറിൻ സ്റ്റാഫ് എഡിറ്റർ റിഷ പി

## സ്റ്റുഡൻറ് പോലീസ് കേഡറ്റുകളുടെ പാസിങ് ഔട്ട് പരേഡ്

താമരശ്ശേരി ഡി വൈ.എസ്.പി സുഷീർ പരേഡ് വീക്ഷിക്കുന്നു.



കൊടുവള്ളി:കൊടുവള്ളി ഗവൺമെൻറ് ഹയർ സെക്ക ൻഡറി സ്കൂളിലെ 2022 -24 ബാച്ചിലെ 44 എസ് പി.സി കാഡറ്റ്സ് പാസിങ് ഔട്ട് പരിശീലനം പൂർത്തിയാക്കി. എം. ജെ ഹയർ സെക്കൻഡറി സ്കൂളിൽ വെച്ച് എം ജെ ഹൈസ്കൂൾ, ജിഎച്ച്എസ്എസ് കരുവൻ പൊയിൽ , ജി. എച്ച് എസ് എസ് നീലേശ്വരംഎന്നീ സ്കൂളുകളിലെ എസ് പി സി കേഡറ്റുകളോടൊപ്പം സംയുക്ത പരേഡ് ആണ് നടന്നത്. താമരശ്ശേരി ഡിവൈഎസ്പി സുഷീർ സല്യൂട്ട് സ്വീകരിച്ചു. കോഴിക്കോട് റൂറൽ ജില്ലാ എസ് പി സി അസിസ്റ്റൻറ് നോഡൽ ഓഫീസർ പി സുനിൽകുമാർ കേഡറ്റുകൾക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. കൊടുവള്ളി സർക്കിൾ ഇൻസ്പെക്ടർ അഭിലാഷ്,ആൻറണി,എം. സു ബിത, ജെ. മിനി,ഉഷാകുമാരി, സിദീഖ് മലബാറി,പി . പി റാഫി, പി.പി ഇസ്മായിൽ എന്നിവർ ചടങ്ങിൽ സംബ ന്ധിച്ചു. എം. ജെ ഹയർസെക്കൻഡറി സ്കൂളിലെ ദിയ ഫാത്തിമ ചീഫ് കമാൻഡറും, ജി. എച്ച് .എസ് . എസ് നീലേശ്വരം സ്കൂളിലെ അഭിനവ് ദാസ് സെക്കൻഡ് ഇൻ കമാൻഡറുമായ പരേഡിൽ ആൺകുട്ടികളുടെ വിഭാഗ ത്തിൽ നീലേശ്വരം സ്കൂളിലെ അശ്വിൻ തേജ് നയിച്ച പ്ലാറ്റൂണും പെൺകുട്ടികളുടെ വിഭാഗത്തിൽ എം. ജെ ഹയർ സെക്കൻഡറി സ്കൂളിലെ ആയിഷ അഫ്രിൻ നൈറ്റ് നയിച്ച പ്ലാറ്റൂണും മികച്ച പ്രകടനം കാഴ്ചവച്ചു.കൊടുവള്ളി സ്കൂളിലെ സാൻവി ആർ ഗേൾസ് പ്ലാറ്റൂണിനെയും ലെജു എം ടി ബോയ്സ് പ്ലാറ്റൂണിനെയും നയിച്ചു.നാല് സ്കൂളിലെയും കമ്മ്യൂണിറ്റി പോലീസ് ഓഫീസർമാർ പാസിങ് ഔട്ട് പരേഡിന് നേതൃത്വം നൽകി..

## അനുമോദനവും യാത്രയയപ്പും




കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ അനുമോദനവും യാ ത്രയയപ്പും നടത്തി. ഈ വർഷം സ്കൂളിൽ നിന്നും വിരമിക്കുന്ന അധ്യാപകരായ സ്റ്റെല്ല ടീച്ചർക്കും സന്തോഷ് സാറിനും, എസ്എസ്എൽസി വിദ്യാർത്ഥികളായ 2022 – 25 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും യാത്രയയപ്പ് നൽകി. പിടിഎ പ്രസിഡണ്ട് അബ്ദുൽ റഷീദ് ആർവി ചടങ്ങ് ഉദ്ഘാടനം ചെയ്തു. പ്രധാനാധ്യാപിക സുബിത എം ചടങ്ങിൽ അധ്യക്ഷതവഹിച്ചു. ഈ വർഷം വിരമിക്കുന്ന സ്റ്റെല്ല ടീച്ചർക്കും സന്തോഷ് സാറിനും മൊമെന്റോ നൽകി ആദരിച്ചു. ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികളുടെ പ്രവർത്തന മികവിനെ അനുമോദിച്ചു. ജനുവരി മാസത്തെ മാസാന്ത്യ വാർത്താപത്രിക ചടങ്ങിൽ പ്രകാശനം ചെയ്തു. ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ മിസ്ട്രസുമാരായ ഗോപകുമാർ സി ടി, റീഷ , ഫിർദൗസ് ബാനു എന്നിവർ ചടങ്ങിന് നേതൃത്വം നൽകി.

## റോബോ ഫെസ്റ്റ് സംഘടിപ്പിച്ചു



കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ റോബോ ഫെസ്റ്റ് സംഘടിപ്പിച്ചു. സ്കൂളിലെ അടൽ ടിങ്കറിംഗ് ലാബിന്റെയും ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെയും നേതൃത്വത്തിലാണ് ഫെസ്റ്റ് സംഘടിപ്പിച്ചത്. പിടിഎ പ്രസിഡണ്ട് അബ്ദുൽ റഷീദ് ആ ർ വി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ പ്രധാന അധ്യാപിക സുബിത എം, എടിഎൽ ഇൻ ചാർജ് ഫിർദൗസ് ബാനു, ലിറ്റിൽ കൈറ്റ് മാസ്റ്റർ മിസ്ട്രസ്സുമാരായ ഗോപകുമാർ. സി. ടി, റീഷ. പി എന്നിവരും പങ്കെടുത്തു. ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങളും എ ടി എൽ ടാലെന്റ് ക്ലബ്ബ് അംഗങ്ങളും ആയ വിദ്യാർത്ഥികൾ തയ്യാറാക്കിയ റോബോട്ടിക് ഉൽപ്പന്നങ്ങളാണ് ഫെസ്റ്റിൽ പ്രദർശിപ്പിച്ചത്. സ്മാർട്ട് ബ്ലാക്ക് ബോർഡ് ഡെസ്റ്റർ, ഓട്ടോമാറ്റിക് മെഡിസിൻ ഡിസ്പെൻസർ ആൻഡ് ടൈം അലാം ഫോർ ബെഡ്റിഡൻ പേഷ്യൻസ് , ഗ്യാസ് ലീക്ക് ഡിറ്റക്ഷൻ ആൻഡ് ഓട്ടോമാറ്റിക് ഗ്യാസ് ബ്ലോക്കിങ് സിസ്റ്റം, ഫാൻ ക്ലീ നിങ് സിസ്റ്റം വിത്ത് റിമോട്ട് കൺട്രോൾ , റോങ്ങ് വേ ഡിഫ ൻഡർ ഓഫ് വെഹിക്കിൾസ് ഫോർ റോഡ് സേഫ്റ്റി,ട്രാഫിക് സിഗനൽ സിസ്റ്റം, ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് തുടങ്ങിയ വിവിധ ഇനങ്ങൾ ഫെസ്റ്റിൽ പ്രദർശിപ്പിച്ചു

## അലിഫ് അറബി ക്ലബിന്റെ അനുമോദനം




കൊടുവള്ളി :കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ അറബി ക്ലബ്ബിന്റെ ആഭി മുഖ്യത്തിൽ സ്കൂളിൽ നിന്നും വിരമിക്കുന്ന സ്റ്റെല്ല ടീച്ചർക്കും സന്തോഷ് സാറിനും ഊഷ്മളമായ യാത്രയയപ്പ് നൽകി. അറബിക് മത്സരങ്ങളിലും സബ്ജില്ലാതല മത്സരങ്ങളിലും വിജയിച്ച വിദ്യാ ർത്ഥികളെയും ആദരിച്ചു. വാർഡ് മെമ്പർ ഹഫ്സത്ത് ബഷീറിന്റെ അധ്യക്ഷതയിൽ നഗരസഭാ അധ്യക്ഷൻ അബ്ദു വെള്ളറ ഉദ്ഘാടനം ചെയ്തു. അറബി ഭാഷയുടെ പ്രാധാന്യവും ഇന്ത്യാ രാജ്യത്ത് നേടിയ അംഗീകാരവും വിവിധ തൊഴിൽ മേഖലകളുടെ സാന്നിധ്യവും പ്രസംഗത്തിൽ ഊന്നി പറഞ്ഞു .പിടിഎ പ്രസിഡ ണ്ട് ആർ വി അബ്ദുൾ റഷീദ് , ഹ യർ സെക്കൻഡറി വിഭാഗം അറബിക് മേധാവി ബഷീർ സാർ, എസ്.ആർ ജി കൺവീനർമാരായ കെ ൻ ബഷീർ സാർ, അസിസ ടീച്ചർ, ഡെപ്യൂട്ടി എച്ച് എം അഷ്റഫ് സാർ, നിഷ ടീച്ചർ, മുഹമ്മദ് ഷാഫി സാർ സഖിയ ടീച്ചർ, ശരീഫ് സാർ ബിജു സാർ, ബാബു സാർ തുടങ്ങിയവർ പങ്കെടുത്തു യോഗത്തിൽ എച്ച് എം സുബിത ടീച്ചർ സ്വാഗതം പറയുകയും അറബിക് കൺവീനർ ഹൈദ്രോസ് സാർ നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

## ഫെബ്രുവരി മാസത്തിലൂടെ

**ഫെബ്രുവരി 3**
സ്കൂളിൽ എസ്എസ്എൽസി ഐടി പൊതുപരീക്ഷ ആരംഭിച്ചു. അയൽപക്ക സ്കൂളിലെ വിദ്യാർഥികൾക്കുള്ള ഇലക്ട്രോണിക് വർക്ക് ഷോപ്പ് അടൽ ടിങ്കറിംഗ് ലാബിൽ വച്ച് നടന്നു. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ സംസ്ഥാന ക്യാമ്പിൽ പങ്കെടുക്കുന്ന ജാസിബിനെ ചടങ്ങിൽ അനുമോദിച്ചു . യു പി വിഭാഗം അസംബ്ലി നടന്നു. അസംബ്ലിയിൽ വിവിധ മത്സരങ്ങളിൽ വിജയികളായ വിദ്യാർഥികളെ അനുമോദിച്ചു.

**ഫെബ്രുവരി 4**
സ്കൂളിൽ അസംബ്ലി നടത്തുകയും കുഷ്ഠരോഗ നിവാരണ പ്രതിജ്ഞ നടത്തുകയും ചെയ്തു.

**ഫെബ്രുവരി5**
റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് കുട്ടികൾ തയ്യാറാക്കിയ ചാർട്ട് പ്രദർശനം നടന്നു. ഭരണഘടനയുടെ നാൾവഴികൾ എന്ന പേരിലാണ് ചാർട്ട് പ്രദർശനം സംഘടിപ്പിച്ചത്.

**ഫെബ്രുവരി 6**
അറബിക് ക്ലബ്ബിന്റെ നേതൃത്വത്തിൽ അറബിക് മത്സരങ്ങളിലെ വിജയികൾക്കുള്ള അനുമോദനവും ഈ വർഷം സ്കൂൾ സർവീസിൽ നിന്നും പിരിയുന്ന സ്റ്റെല്ല ടീച്ചർക്കും സന്തോഷ് സാറിനുമുള്ള യാത്രയയപ്പും നൽകി. മുൻസിപ്പൽ ചെയർമാൻ അബ്ദു വെള്ളറ ഉദ്ഘാടനം ചെയ്തു. ലിറ്റിൽ കൈറ്റ്സ് സംസ്ഥാനതല ക്യാമ്പിൽ പങ്കെടുക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ജാസിബിന്റെ പ്രോജക്ട് ക്യാമ്പിൽ പ്രദർശിപ്പിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ടു.

**ഫെബ്രുവരി 7**
രണ്ടു ദിവസങ്ങളിൽ ആയി തിരുവനന്തപുരത്ത് വെച്ച് നടക്കുന്ന ലിറ്റിൽ കൈറ്റ് സംസ്ഥാനതല ക്യാമ്പിൽ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർഥി ജാസിബ് പങ്കെടുക്കുന്നു.

**ഫെബ്രുവരി 8**
സ്റ്റാഫ് ടൂർ നടന്നു.

**ഫെബ്രുവരി 9**
എസ്എസ്എൽസി വിദ്യാർത്ഥികൾക്ക് വേണ്ടി ഒരാഴ്ചത്തെ പ്രത്യേക വിജയോത്സവം ക്യാമ്പുകൾ നടക്കുന്നതിനാൽ രാവിലെ 9:45 മുതൽ 4 30 വരെ ക്ലാസുകൾ നടന്നു.

**ഫെബ്രുവരി 10**
കൂടത്തായ ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടക്കുന്ന ജെ ആർ സി ക്യാമ്പിൽ സ്കൂളിലെ കുട്ടികൾ പങ്കെടുത്തു. സ്കൂൾ ഇന്നവേഷൻ മാരത്തോൺ 2024 ലെ പങ്കാളിത്തത്തിൽ സ്കൂളിലെ ഒരു പ്രോജക്ടിന് സെലക്ഷൻ ലഭിച്ചു .ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളായ ഫാത്തിമ ശാദിയ, നസ്രിയ ഫാത്തിമ ,ആദിത്യ എം എസ് എന്നീ വിദ്യാർത്ഥികൾ തയ്യാറാക്കിയ പ്രൊജക്ടാണ് തെരഞ്ഞെടുത്തത്.

**ഫെബ്രുവരി 11**
യു പി വിഭാഗം പഠനയാത്ര നടന്നു.

**ഫെബ്രുവരി 12**
ഒമ്പതാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്കുള്ള ക്ലാസ്സുകൾ നടന്നു.

**ഫെബ്രുവരി 13**
ഈ വർഷം സ്കൂളിൽ നിന്നും വിരമിക്കുന്ന സന്തോഷ് സാർ അഞ്ചു മുതൽ 10 വരെ ക്ലാസിലെ കുട്ടികൾക്ക് ഉച്ച ഭക്ഷണം നൽകി. എസ്എസ്എൽസി വിദ്യാർത്ഥികൾക്കുള്ള യാത്രയയപ്പ് നടന്നു. എസ് പി സി തിരഞ്ഞെടുക്കപ്പെട്ട 6 കുട്ടികൾ ജില്ലാ റസിഡൻഷ്യൽ ക്യാമ്പിൽ പങ്കെടുത്തു.ജില്ലാ ശുചിത്വമിഷന്റെ നേതൃത്വത്തിൽ സ്കൂളിൽ ചിത്രപ്രദർശനം നടത്തി.

**ഫെബ്രുവരി 14**
ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെയും അടൽ തിങ്കറിംഗ് ലാബിന്റെയും നേതൃത്വത്തിൽ സ്കൂളിൽ റോബോ ഫെസ്റ്റ് സംഘടിപ്പിച്ചു. വിദ്യാരംഗം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ബഡ്ഡിങ് റൈറ്റേഴ്സ് എന്ന പേരിൽ യുപി, ഹൈസ്കൂൾ വിഭാഗം കുട്ടികൾക്കായി ശില്പശാല സംഘടിപ്പിച്ചു. മികച്ച പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ സ്കൂളിലെ എടിഎൽ ലാബിന് ദേശീയതലത്തിൽ അംഗീകാരം ലഭിച്ചു. പത്താം ക്ലാസിലെ വിദ്യാർത്ഥികൾക്കുള്ള ക്ലാസ് ഫോട്ടോ എടുത്തു.
പത്താം ക്ലാസിലെ വിദ്യാർത്ഥികൾക്കുള്ള രാത്രി ക്യാമ്പ് ആരംഭിച്ചു.

**ഫെബ്രുവരി 16**
എസ്പിസി റസിഡൻഷ്യൽ ക്യാമ്പ് അവസാനിച്ചു.

**ഫെബ്രുവരി 17**
സ്കൂൾ ബ്രോഷർ പ്രകാശനം നടന്നു .കുട്ടികളുടെ വീടുകൾ സന്ദർശിച്ചു .ഒൻപതാം ക്ലാസിലെ വിദ്യാർത്ഥികൾക്കായി പ്രത്യേകം അസംബ്ലി സംഘടിപ്പിക്കുകയും വിവിധ മത്സരങ്ങളിലെ വിജയികൾക്കുള്ള അനുമോദനവും നടന്നു.

**ഫെബ്രുവരി19**
വിജിത ടീച്ചർ സ്കൂളിൽ ജോയിൻ ചെയ്തു. എസ്പിസിയുടെയും ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെയും അഡൾട്ടിംഗറിങ് ലാബിന്റെയും നേതൃത്വത്തിൽ കുട്ടികൾ യുപി ക്ലാസ്സുകളിൽ സന്ദർശിച്ചു.

**ഫെബ്രുവരി 20**
ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം സ്കൂളിൽ നിന്ന് പിരിയുന്ന സ്റ്റെല്ല ടീച്ചർക്കും സന്തോഷ്സാറിനും പത്താം ക്ലാസിലെ വിദ്യാർത്ഥികൾക്കുമുള്ള അനുമോദനവും യാത്രയയപ്പും നടന്നു. ചടങ്ങിൽ ജനുവരി മാസത്തെ ലിറ്റിൽ കൈറ്റ്സ് മാസാന്ത്യവാർത്ത പത്രിക പ്രകാശനം ചെയ്തു. എസ് പി സി രക്ഷിതാക്കൾക്കുള്ള മീറ്റിംഗ് നടന്നു. പത്താം ക്ലാസിലെ വിദ്യാർത്ഥികൾക്കായുള്ള രാത്രികാല ക്യാമ്പ് അവസാനിച്ചു.

**ഫെബ്രുവരി 21**
സ്റ്റെല്ല ടീച്ചർക്കും സന്തോഷ് സാറിനും സ്കൂളിൽനിന്നുള്ള യാത്രയയപ്പ്.

**ഫെബ്രുവരി 22**
സ്റ്റെല്ല ടീച്ചറുടെ യാത്രയയപ്പിനോട് അനുബന്ധിച്ച് ടീച്ചർ എല്ലാ അധ്യാപകർക്കും സ്നേഹവിരുന്ന് നൽകി.എസ്പിസി കേഡറ്റ് എം ജെ ഹയർസെക്കൻഡറി സ്കൂളിൽ വച്ച് നടക്കുന്ന പാസിങ്ങ് ഔട്ട് പരേഡ് പ്രാക്ടീസിൽ പങ്കെടുത്തു

**ഫെബ്രുവരി 24**
വാർഷിക പരീക്ഷ ആരംഭിച്ചു.

**ഫെബ്രുവരി 25**
എട്ടാം ക്ലാസിലെ വിദ്യാർത്ഥികൾക്കുള്ള ഐടി പരീക്ഷ നടന്നു.

**ഫെബ്രുവരി 27**
വിദ്യാർത്ഥികൾ യു എസ് എസ് പരീക്ഷ എഴുതുന്ന കുട്ടികൾക്കുള്ള ആശംസ പോസ്റ്ററുകൾ തയ്യാറാക്കി. യു എസ് എസ് പരീക്ഷ നടന്നു. ഒമ്പതാം ക്ലാസിലെ വിദ്യാർത്ഥികൾക്കുള്ള ഐടി പരീക്ഷ നടന്നു. എസ്പിസി പാസിംഗ് ഔട്ട് പരേഡ് നടന്നു

**ഫെബ്രുവരി 28**
യുപി ഹൈസ്കൂൾ വിഭാഗം വാർഷിക പരീക്ഷ നടന്നു.

## ഏകദിന ശില്പശാല



കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ വിദ്യാരംഗം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ബഡ്ഡിങ് റൈറ്റേഴ്സ് ഏകദിന ശില്പശാല സംഘടിപ്പിച്ചു. കഥയും കവിതയും ഇതൾ വിരിയുമ്പോൾ എന്ന പേരിൽ നടത്തിയ ശില്പശാല പ്രധാനാധ്യാപിക സുബിത എം ഉദ്ഘാടനം ചെയ്തു. യുപി ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്കായാണ് ശില്പശാല സംഘടിപ്പിച്ചത്. കുട്ടികളിലെ സർഗ്ഗവാസനകളെ പരിപോഷിക്കുന്നതിന് വേണ്ടി സംഘടിപ്പിച്ച ശില്പശാല വിദ്യാരംഗം ക്ലബ്ബ് കൺവീനർമാരായ ഖമറുന്നി സ ടീച്ചർ, സ്റ്റെല്ല മരിയ ടീച്ചർ എന്നിവർ നേതൃത്വം നൽകി. ചടങ്ങിൽ മലയാ ളം അധ്യാപകരായ രമേശൻ സാർ നിഷ ടീച്ചർ അബു താഹിർ സർ, ബാബു സർ എന്നിവർ സംസാരിച്ചു.

## ചാർട്ട് പ്രദർശനം




കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ എസ് എസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഭരണഘടനയുടെ നാൾവഴികൾ എന്ന പേരി ൽ ചാർട്ട് പ്രദർശനം നട ത്തി. റിപ്പബ്ലിക് ദിനത്തോട നുബ ന്ധിച്ച് ഭരണഘടന യുടെ 75 വാർഷികാഘോ ഷത്തിന്റെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്. ചാർട്ട് പ്രദർശനം യുപി വിഭാഗം സീനിയർ അസി സ്റ്റന്റ് നിഷ ടീച്ചർ ഉദ്ഘാട നം ചെയ്തു. യുപി വിഭാഗം എ സ്ആ ർ. ജി കൺവീനർ അസീസ് ടീച്ചർ എസ് എസ് ക്ലബ് കൺവീനർ അംബിക ടീച്ചർ എന്നിവർ പരിപാടിക്ക് നേതൃ ത്വം നൽകി.

## പരിശീലന ക്ലാസുകൾ



കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ എസ്എസ്എൽസി വിദ്യാർത്ഥികൾക്കായി പ്രത്യേക പരിശീലന ക്ലാസുകൾ നടത്തി. എസ്എസ്എൽസി മോഡൽ പരീക്ഷയോടനുബന്ധിച്ച് ഒരാഴ്ച കാലത്തെ പ്രത്യേക രാത്രി പരിശീലന ക്ലാസുകളാണ് നടത്തിയത്. രക്ഷിതാക്കളുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ എല്ലാ ദിവസവും കുട്ടികൾക്ക് ഭക്ഷണവും നൽകി. ഓരോ ദിവസത്തെയും മോഡൽ പരീക്ഷയ്ക്ക് മുന്നോടിയായിട്ടുള്ള പരിശീലനമാണ് കുട്ടികൾക്ക് വേണ്ടി സംഘടിപ്പിച്ചത്. വിജയോത്സവം ക്ലബ്ബ് കൺവീനറായ വിനീത ടീച്ചറുടെ നേതൃത്വത്തിലാണ് ക്ലാസുകൾ നടന്നത്.

## എസ്എസ്എൽസി യാത്രയയപ്പ്



കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ 2024 -25 അധ്യയന വ ർഷത്തെ എസ്എസ്എൽസി വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി. പിടിഎ പ്രസിഡ ന്റ് അബ്ദുൽ റഷീദ് ആർവി ഉദ്ഘാടനം ചെയ്ത ചടങ്ങിൽ പ്രധാനാധ്യാപിക സുബിത എം, പ ത്താം ക്ലാസിലെ അധ്യാപകരായ സന്തോഷ് മാത്യു, സതീഷ്, വിനീത ഫിർദൗസ് ബാനു , മു ഹമ്മദ് എന്നിവരും എസ് ആർ ജി കൺവീനറായ ബഷീർ കെ എൻ രമേശ് വിദ്യാർഥികളായ മിൻഹ ഫാത്തിമ, ഇർഷാദ് എന്നിവരും സംസാരിച്ചു. എല്ലാ അധ്യാപകരും കുട്ടികൾക്ക് വിജയാശംസകൾ നേർന്നു.തുടർന്ന് കുട്ടികൾ വിവിധ കലാപ രിപാടികൾ അവത രി പ്പിച്ചു.

## പഠനയാത്ര



കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ അറബിക് ക്ലബ്ബിന്റെ കീഴിൽ അഞ്ചാം ക്ലാസ് കുട്ടികൾക്കായി കൊടുവള്ളി നെടുമല ഹിൽപാർ ക്കിലേക്ക് ഒരു ദിന പഠനയാത്ര നടത്തി. രാവിലെ സ്കൂൾ ബസിൽ പുറപ്പെട്ട പഠനയാത്രയിൽ 45 ഓ ളം കുട്ടികൾ പങ്കെടുത്തു.പ്രദേശത്തെ പ്രകൃതി ഭംഗി ആസ്വദിക്കുക യും വിവിധ റൈഡുകളിൽ ഉല്ല സിക്കുകയും ചെയ്തു. അറബിക് ക്ലബ് കൺവീനർ ഹൈദ്രോസ് സാർ, പി ടി എ പ്രസിഡന്റ് ആർ വി റഷീദ്, സക്കിയ ടീച്ചർ, ഷംസീറ ടീച്ചർ എന്നിവർ കുട്ടികളെ അനുഗ മിച്ചു. തുടർന്ന്സ്കൂളിലെ 5,6,7 ക്ലാസ്സുകളിലെ കുട്ടികൾക്കായി പാലക്കാടിലേക്ക് ഒരു ഏകദിന പഠനയാത്ര നടത്തി.സ്കൂൾ ടൂർ കൺവീനർ ബിജുസാറിന്റെ നേതൃത്വത്തിൽ നടത്തിയ യാത്രയിൽ മൂന്നു ബസുകളിലായി 150 ഓളം കുട്ടികൾ പങ്കെടുത്തു.പാലക്കാട് കോട്ട,ഫാന്റസി പാർക്ക്,മലമ്പുഴ സ്നേക്ക് പാർക്ക്,അക്വാറിയം, മലമ്പുഴ ഡാം എന്നിവിടങ്ങളിൽ സന്ദർശനം നട ത്തി. കുട്ടികൾക്ക് ഒരുപാട് പൊതു അറിവുകളും ഉല്ലാസവും നൽകിയ യാത്രയിൽ എ ല്ലാ കുട്ടികളും ബസിൽ വെച്ച് പാട്ടുകളും മറ്റ് കലാപരിപാടികളും അവതരിപ്പിച്ച് അവരു ടെ കഴിവുകൾ പ്രകടിപ്പിച്ചു. സ്കൂൾ അധ്യാപകരോടൊപ്പം പി ടി എ പ്രസിഡന്റ് ആർ വി റഷീദ് , പി ടി എ മെമ്പർ നിസാർ, എം പി ടി എ മെമ്പർ സജ്ന എന്നിവരും യാത്ര യിൽ പങ്കെടുത്ത് കുട്ടികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി.

## ഫെബ്രുവരി മാസത്തിലൂടെ......










## അനുമോദനം



കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ യുപി വിഭാഗത്തിലെ കുട്ടികളെ അനുമോദിച്ചു . വിവിധ ക്ലബ്ബ് മത്സരങ്ങളിലും യുഎസ്എസ് മോഡൽ പരീക്ഷയി ലും വിജയികളായ വിദ്യാർത്ഥികളെ അനുമോദിച്ചു. ചടങ്ങിൽ പ്രധാനാധ്യാപിക സുബിത എം, യു പി വിഭാഗം സീനിയർ ടീച്ചർ നിഷ ,അദ്ധ്യാപകരായ അസീസ,ബിജു പി സി, അശ്വതി,പ്രിൻസി, ആതിര,ഷൈജ, സാജിത, ദിവ്യ ,ഹൈദ്രോസ് തുടങ്ങിയ അധ്യാപകരും ചടങ്ങിൽ പങ്കെടുത്തു

## ഫോട്ടോ ഗാലറി ജി എച്ച് എസ് എസ് കൊടുവള്ളി ഫെബ്രുവരി 2025















# ഫോട്ടോ ഗാലറി ജി എച്ച് എസ് എസ് കൊടുവള്ളി ഫെബ്രുവരി 2025

ARABIC CLUB SENT OFF



ARABIC CLUB SENT OFF



WINNERS



GHSS KODUVALLY
LK
Routine class



അനുമോദനം









ഏകദിനശില്പശാല



LITTLE KITES SENT OFF MEETING

LITTLE KITES SENT OFF MEETING




LITTLE KITES SENT OFF MEETING

LITTLE KITES SENT OFF MEETING




LITTLE KITES SENT OFF MEETING

LITTLE KITES SENT OFF MEETING

LITTLE KITES SENT OFF MEETING




UP CLASS VISIT BY CLUB MEMBERS



LITTLE KITES
GHSS KODUVALLY
magazine work



SENT OFF MEETING

SENT OFF MEETING

SENT OFF MEETING

SENT OFF MEETING




സ്നേഹ വിരുന്ന്



# ഫോട്ടോ ഗാലറി ജി എച്ച് എസ് എസ് കൊടുവള്ളി ഫെബ്രുവരി 2025






















കൊടുവള്ളി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ് പ്രസിദ്ധപ്പെടുത്തിയ ഫെബ്രുവരി മാസത്തെ മാസാന്ത്യ വാർത്താ പത്രിക